Secretariat Kerala Catholic Bishops' Council
PASTORAL ORIENTATION CENTRE
P.B.No.2251, Palarivattom, Kochi-682025, Kerala, India.
Tel: 0484-2805722, 2805815, Fax: 0484-2806214, E-mail: poc@kcbcsite.com
www.kcbcsite.com

Alll Kerala Press Release 1.1.2018

## 2018 കേരള കത്തോലിക്കാ സഭ യുവജനവർഷമായി ആചരിക്കും

കൊച്ചി: കേരള കത്തോലിക്കാസഭ 2018 യുവജനവർഷമായി ആചരിക്കുമെന്നു കെ.സി.ബി.സി. പ്രസിഡന്റും തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പുമായ ഡോ. എം. സൂസൈപാക്യം. നാലാഞ്ചിറ മാർ ബസേലിയോസ് എൻജിനീയറിംഗ് കോളേജ് ഓഡിറ്റോറിയത്തിൽ കെ.സി.വൈ.എം. രൂപീകരിച്ചതിന്റെ 40-ാം വാർഷികത്തോടനുബന്ധിച്ചുള്ള റൂബി ജൂബിലി യൂത്ത് അസംബ്ലിയിലാണ് ആർച്ച് ബിഷപ്പ് യുവജനവർഷാചരണം പ്രഖ്യാപിച്ചത്. ദൈവസാന്നിധ്യത്തിലൂടെ നമ്മുടെ ജീവിത സാഹചര്യം സ്വർഗീയമാക്കി മാറ്റാനാകും. സത്പ്രവൃത്തികളിലൂടെ ജീവിതം ശോഭനമാക്കാമെന്നും അദ്ദേഹം പറഞ്ഞു.

ആധുനിക ലോകത്തിന്റെ വെല്ലുവിളികൾ യേശുവിന്റെ കരുണ കൊണ്ട് അതിജീവിക്കണമെന്നു കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാനും ബത്തേരി ബിഷപ്പുമായ ഡോ. ജോസഫ് മാർ തോമസ് പറഞ്ഞു.

ക്രിസ്തു പകർന്നു നൽകിയ ആദർശങ്ങളെയും മൂല്യങ്ങളെയും മുറുകെപ്പിടിച്ച് യുവജന പ്രസ്ഥാനം ആദർശാധിഷ്ഠിതവും വിശ്വാസത്തിൽ ഉറപ്പിച്ചതുമായ കൂട്ടായ്മ രൂപപ്പെടുത്തണമെന്നു തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായമെത്രാൻ ഡോ. ആർ. ക്രിസ്തുദാസ് പറഞ്ഞു.

കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് പ്രദീപ് മാത്യു നല്ലില അധ്യക്ഷത വഹിച്ചു. സി.എൽ.സി. ജനറൽ സെക്രട്ടറി ശോഭി കെ. പോൾ, കെ.സി.വൈ.എം. സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ സിസ്റ്റർ സുമം എസ്.ഡി., ഐക്കഫ് ഡയറക്ടർ ഫാ. ബാബുപോൾ, ഐ.സി.വൈ.എം. പ്രസിഡന്റ് സിജോ അമ്പാട്ട്, കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി പോൾ ജോസ്, റീത്തു ജോസഫ്, രേഷ്മ കുര്യാക്കോസ്, റോബിൻ വടക്കേൽ, നീതു മാത്യു, ബിനോയ് പി. കെ. എന്നിവർ പ്രസംഗിച്ചു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. ആമുഖ പ്രഭാഷണം നടത്തി.

കെ.സി.വൈ.എം. സംസ്ഥാന വൈസ് പ്രസിഡന്റ് ബിബിൻ ചെമ്പക്കര സ്വാഗതവും സംസ്ഥാന സെക്രട്ടറി ജിഫിൻസാം നന്ദിയും പറഞ്ഞു.

**റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**
കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ